**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5105** **20-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (RFCTLARR Act) നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരമുള്ള വില നിർണ്ണയം കഴിഞ്ഞ് കളക്ടർ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകുന്നതിനെ തുടർന്ന് വസ്തു ഏറ്റെടുക്കുന്നതിനു ആവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് 2013-ലെ RFCTLARR Act പ്രകാരമുള്ള 19(1) പ്രഖ്യാപനം നടത്തുന്നതാണ്. |
| (ബി) | കീഴല്ലൂർ പഞ്ചായത്തിലെ കാനാട്, കോളിപ്പാലം, നല്ലാണി മേഖലകളിൽ സർക്കാർ വിജ്ഞാപനം ചെയ്ത ഭൂമി ഏറ്റെടുക്കൽ വൈകുന്നത് കാരണം നിരവധിപേർ പ്രതിസന്ധിയിലായ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. കീഴല്ലൂർ ഗ്രാമത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസത്തിൽ തന്നെ ചേരുന്നതാണ്. |
| (സി) | എങ്കിൽ വർഷങ്ങളായി നിലച്ചിരിക്കുന്ന സ്ഥലമേറ്റെടുക്കലിന് ഭൂമിയുടെ ഉടമകൾക്ക് കൂടി സ്വീകാര്യമായ നഷ്ടപരിഹാര പാക്കേജ് ഏർപ്പെടുത്തൽ, പുനരധിവാസം ഉറപ്പാക്കൽ എന്നീ ആവശ്യങ്ങൾ പരിഗണിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | ഉണ്ട്.. കീഴല്ലൂർ ഗ്രാമത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസത്തിൽ തന്നെ ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ